**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **02-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ലോക്ക്ഡൗൺ കാരണം വിദ്യാഭ്യാസം വീടുകളിലേക്ക് ചുരുങ്ങിയതിനാൽ വിദ്യാർത്ഥികളിൽ മാനസിക പ്രശ്നങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുട്ടികളുടെ മാനസിക നിലവാരം മനസിലാക്കുന്നതിന് വേണ്ടി എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം വിമൻസ് കോളേജുമായി ചേർന്ന് സംയുക്തമായി ഒരു പഠനം നടത്തിയിരുന്നു. ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിക്കുകയും ആ പാനലിന്റെ നിർദ്ദേശ പ്രകാരം കുട്ടികളുടെ മാനസിക ഉല്ലാസത്തിനായുള്ള ക്ലാസ്സുകൾ വിക്ടേഴ്സ് ചാനൽ വഴി നൽകുകയും ചെയ്തിരുന്നു. അതോടൊപ്പം തന്നെ കലാകായിക വിദ്യാഭ്യാസം, യോഗ എന്നിവയുമായി ബന്ധപ്പെട്ട ഡിജിറ്റൽ ക്ലാസ്സുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻ തന്നെ ആയത് കുട്ടികൾക്ക് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതായിരിക്കും.ഇത്തരത്തിൽ കുട്ടികളുടെ മാനസികവൈകാരിക സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലെ കൗമാരക്കാരായ വിദ്യാർത്ഥികൾ ക്കിടയിൽ ഇത്തരം മാനസിക സംഘർഷങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ വിദ്യാലയത്തിലെ പരിശീലനം ലഭിച്ച സൗഹൃദകോർഡിനേറ്റർമാർ മേൽ വിദ്യാർത്ഥികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കടുത്ത മാനസിക സമ്മർദ്ദങ്ങൾ നേരിടുന്ന വിദ്യാർത്ഥി കളെ ഗവണ്മെന്റ് റെഫറൽ സംവിധാനങ്ങളിലേയ്ക്ക് റെഫർ ചെയ്യാറുമുണ്ട് . |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ സ്കൂൾ തലങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാം വിധം കൈറ്റിന്റെ നേതൃത്വത്തിൽ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ |

| | | | |
|---|---|---|---|
| | | | മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായിക ക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കു ന്നുണ്ട്. വിക്ടേഴ്സ് ചാനൽ വഴി ഇത്തരം ക്ലാസ്സുകൾ കൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾ തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നു വരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children(ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാ ക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ ഓൺലൈൻ ക്ലാസ്സുകളോടൊപ്പം തന്നെ കുട്ടികൾക്ക് മാനസികാരോഗ്യ ക്ലാസ്സുകൾ കൂടി നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE-Assembly എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഹയർ സെക്കന്ററി വിഭാഗം സിജി & എസി ജില്ലാ കോർഡിനേറ്റർമാരുടെ നേതൃത്വ ത്തിൽ 14 ജില്ലകളിലും ഓൺലൈൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കുന്നതിനും ദുരീകരിക്കുന്ന തിനുമായി മാനസികാരോഗ്യ വിദഗ്ധരുടേയും വിദ്യാഭ്യാസ വിദഗ്ധരുടേയും ക്ലാസ്സുകൾ എല്ലാ വിദ്യാർത്ഥികൾക്കുമായി ZOOM-Platform, Youtube live എന്നിവ മുഖാന്തിരം നൽകി വരുന്നു |
| (സി) | കുട്ടികളിൽ മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ പാഠ്യപദ്ധതിക്കൊപ്പം മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാം വിധം കൈറ്റിന്റെ നേതൃത്വത്തിൽ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പം തന്നെ കായിക ക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കു ന്നുണ്ട്. വിക്ടേഴ്സ് ചാനൽ വഴി ഇത്തരം ക്ലാസ്സുകൾ കൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾ തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നു വരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children(ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാ ക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ ഓൺലൈൻ ക്ലാസ്സുകളോടൊപ്പം തന്നെ കുട്ടികൾക്ക് മാനസികാരോഗ്യ ക്ലാസ്സുകൾ കൂടി നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE-Assembly എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഹയർ സെക്കന്ററി വിഭാഗം സിജി & എസി ജില്ലാ കോർഡിനേറ്റർമാരുടെ നേതൃത്വ ത്തിൽ 14 ജില്ലകളിലും ഓൺലൈൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കുന്നതിനും ദൂരീകരിക്കുന്ന തിനുമായി മാനസികാരോഗ്യ വിദഗ്‌ധരുടേയും വിദ്യാഭ്യാസ വിദഗ്‌ധരുടേയും ക്ലാസ്സുകൾ എല്ലാ വിദ്യാർത്ഥികൾക്കുമായി ZOOM-Platform, Youtube live എന്നിവ മുഖാന്തിരം നൽകി വരുന്നു |

സെക്ഷൻ ഓഫീസർ